**പ്രഫസർ അനിൽകുമാറിന്റെ പ്രഭാഷണം– വ്യാഴാഴ്ച തോറും**

## പ്രശാന്തി സന്ദേശം- ഉപാഖ്യാനം 264

# സത്യാന്വേഷണം

**SEARCH FOR TRUTH**

**ഒക്ടോബർ 31, 2024**

ഓം ശ്രീ സായിരാം!

പ്രശാന്തി സന്ദേശം നിങ്ങളെ സ്വാഗതം ചെയ്യുന്നു.

### സത്യത്തിനായുള്ള അന്വേഷണം
### SEARCH FOR TRUTH

മുൻ അദ്ധ്യായത്തിൽ, നാം മനസ്സിന്റെ വിവിധ ഭാവങ്ങളാണ് പരിഗണിച്ചത്. മനസ്സ്




എപ്രകാരമാണ് പ്രവർത്തിക്കുന്നത്, അതെങ്ങനെയാണ് പ്രതികരിക്കുന്നത്, എങ്ങനെയാണത് സ്വീകരിക്കുന്നത്, എങ്ങനെയാണത് പ്രതിഫലിപ്പിക്കുന്നത് എന്നൊക്കെ നാം സൂക്ഷ്മമായി പരിശോധിക്കുകയുണ്ടായി.

ആദ്യമായി, ഈ വിഷയം സംബന്ധിച്ച ഒരു വിഹഗവീക്ഷണം ഇതാ. മനസ്സിന് വിവിധ ഭാവങ്ങളുണ്ട്. ആദ്യത്തെ ഭാവമെന്നത് നമ്മൾ പ്രത്യക്ഷ ഗ്രഹണം(direct cognition) എന്നു വിളിക്കുന്ന പ്രത്യക്ഷ പ്രമാണം ആകുന്നു. നിങ്ങൾ നേരിട്ട് കാണുന്നതിലൂടെയും കേൾക്കുന്നതിലൂടെയും കാര്യങ്ങൾ ഗ്രഹിക്കുന്നതാണിത്. വിവരം ഗ്രഹിക്കുന്നതിനുള്ള മറ്റൊരു മാർഗം അനുമാനം(inference), അനുമാനപ്രമാണം ആണ്. അവസാനത്തെ മാർഗം ആപ്തവാക്യപ്രമാണം




ആകുന്നു(നമുക്ക് അടുപ്പമുള്ളവരും പ്രിയപ്പെട്ടവരുമായവരുടെ വചനങ്ങൾ വിശ്വസിക്കുകയും പിന്തുടരുകയും ചെയ്യുക). മനസ്സ് ഈ മൂന്നു മാർഗങ്ങളിലൂടെയാണ് ശരിയായ അറിവ് സ്വീകരിക്കുന്നത്. മനസ്സിന്റെ രണ്ടാമത്തെ ഭാവമെന്നത്, അതിനെങ്ങനെയാണ് തെറ്റായ അറിവ്

സ്വീകരിക്കാനാവുന്നത് എന്നതു സംബന്ധിച്ചാണ്. മനസ്സിന്റെ മൂന്നാമത്തെ ഭാവമെന്നത് ഭാവന(imagination), വികല്പം, ആകുന്നു.

## മനസ്സിന്റെ നാലാമത്തെ ഭാവം: നിദ്ര (സ്വപ്നാവസ്ഥ)
## THE FOURTH ASPECT OF THE MIND IS SLEEP (DREAM STATE)

മനസ്സിന്റെ നാലാമത്തെ ഭാവം നിദ്രയാകുന്നു. നിദ്രയ്ക്ക് സംസ്കൃതത്തിൽ സുഷുപ്തി എന്നാണ് പറയുക, മനസ്സിന്റെ നിദ്രാവസ്ഥ. എന്താണ് നിദ്ര? ഇതെക്കുറിച്ച് ഏതാനും കാര്യങ്ങൾ പറഞ്ഞുകൊള്ളട്ടെ. നമ്മിൽ മിക്കവരും ശരിക്കും ഉറങ്ങുകയാണോ? ഉറക്കം എന്താണെന്ന് നമുക്ക് ശരിക്കും അറിയാമോ? സത്യസന്ധമായി നിങ്ങളോടു പറയട്ടെ, നമ്മൾ സ്വയം നമ്മുടെ ശരീരവും മനസ്സുമായി താദാത്മ്യം പ്രാപിച്ചിരിക്കുകയാണ്. നാം ബാഹ്യലോകത്തോട് പൂർണമായും പ്രതികരിക്കുന്നു-ആളുകൾ, സമൂഹം, പദവി, വർഗം, രാഷ്ട്രീയം, ബിസിനസ് ഇങ്ങനെ. കിടക്കാൻ പോകുമ്പോൾക്കൂടി, നാം ജാഗ്രദവസ്ഥയെക്കുറിച്ച് സ്വപ്നം കാണുകയാണ്! ജാഗ്രദവസ്ഥയിൽ എന്തു സംഭവിക്കുന്നുവോ അത്, സ്വപ്നാവസ്ഥയിലും സ്വപ്നം കാണുകയാണ്. പ്രവൃത്തി ഇവിടെയാണ്, പ്രതിപ്രവൃത്തി വരുന്നത് അവിടെയും! ഇവിടെ സഫലമാകാത്ത ആശകൾ അവിടെ നിറവേറപ്പെടുന്നു! അതുകൊണ്ട്, ഒരു സ്വപ്നമെന്നത് ജാഗ്രദവസ്ഥയുടെ ഒരു തുടർച്ചയാണ്.



സ്വപ്നം(*The Dream*, 1932)- Pablo Picasso.

എന്നെ ആക്രമിക്കുന്ന ഒരു വ്യക്തിയെ സ്വപ്നം കാണാൻ ഞാൻ ആഗ്രഹിക്കില്ല. എന്റെ ശത്രു സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് എന്നെ തൊഴിക്കണമെന്ന് എനിക്കാഗ്രഹമില്ല. എന്നിട്ടും എന്റെ ശത്രുക്കൾ സ്വപ്നത്തിൽ പ്രത്യക്ഷപ്പെടുന്നു. എന്തുകൊണ്ട്?

ഇതെന്തുകൊണ്ടെന്നാൽ, സ്വപ്നത്തിൽപ്പോലും എന്നെ ശല്യം ചെയ്യണമെന്ന് എന്റെ ശത്രു ആഗ്രഹിക്കുമാറ് ശത്രുത അത്രയ്ക്ക് ആഴവും തീവ്രതയുമുള്ളതാണ്! ഭാര്യ എന്നെ ജാഗ്രദവസ്ഥയിൽ ശകാരിക്കുന്നു, അവൾ ശകാരം സ്വപ്നാവസ്ഥയിലും തുടരുന്നു! മകൻ പണത്തിനായി എന്നെ ഞെരുക്കിക്കൊണ്ടിരിക്കുന്നു. സ്വപ്നത്തിലും, അവൻ പ്രത്യക്ഷപ്പെട്ട് ഒരു മണി ഓർഡർ അയയ്ക്കാനായി ആവശ്യപ്പെടുന്നു. അതുകൊണ്ട്, സ്വപ്നങ്ങൾ ജാഗ്രദവസ്ഥയുടെ എല്ലാ ഭാവങ്ങളും പേറുന്നു. അവ പോസിറ്റീവോ നെഗറ്റീവോ ആവാം. പക്ഷേ, രണ്ടായാലും, അവ ലൗകികമായ, തുച്ഛമായ കാര്യങ്ങൾ സംബന്ധിച്ചാണ്. അക്കാരണത്താൽ, അത്തരത്തിലുള്ള നിദ്ര ശരിക്കുള്ള ഗാഢനിദ്രയല്ല. അതൊരു സ്വപ്നാവസ്ഥ മാത്രമാണ്.

സ്വപ്നാവസ്ഥയിലും ജാഗ്രദവസ്ഥയിലും നാം സന്തോഷത്തിലും അസന്തോഷ




ത്തിലുമാണ്. ഈ രണ്ടവസ്ഥകളിലും, ഞാൻ വിജയിയാകുമ്പോൾ സന്തോഷവാനും ഞാൻ പരാജിതനാകുമ്പോൾ ദു:ഖിതനുമാകുന്നു. സ്വപ്നാനുഭവങ്ങൾ ജാഗ്രദവസ്ഥയിലേതു പോലെത്തന്നെയാണ്. മറ്റു തരത്തിൽ പറഞ്ഞാൽ, ഒരു സ്വപ്നം എന്നത് ജാഗ്രദവസ്ഥയുടെ ഒരു പ്രോട്ടോടൈപ്പ്, ഒരു കാർബൺ കോപ്പി ആണ്. നൃത്തം ചെയ്യുന്ന മനസ്സിന്റെ വ്യത്യസ്ത ഭാവങ്ങളല്ലാതെ മറ്റൊന്നുമല്ല അവ. അത് കിഴക്കും പടിഞ്ഞാറും, ഉത്തരധ്രുവവും ദക്ഷിണധ്രുവവും, മുമ്പും പുറകും, ആകുന്നു. അത്ര മാത്രം. ഉപകരണം(മനസ്സ്) ഒന്നുതന്നെ. പക്ഷേ സ്വരങ്ങൾ, തന്തികൾ, ഈണങ്ങൾ വ്യത്യസ്തങ്ങളാകുന്നു.

ഇതേപോലെ, സ്വപ്നം ജാഗ്രദവസ്ഥയുടെ സ്വാധീനം പേറുന്നു. ഇക്കാരണത്താലാണ് നാം സ്വപ്നത്തിൽ അദ്വൈതാനന്ദം അനുഭവിക്കാതെ പോകുന്നത്. അപ്പോൾ, സ്വപ്നം കാണലെന്നത് ശരിക്കുള്ള നിദ്രയല്ല. ശരിക്കുള്ള നിദ്ര ജാഗ്രദവസ്ഥ പോലെയാവരുത്. ശാന്തമായി ഉറങ്ങുക. സന്തോഷപൂർവം ഉറങ്ങുക. നന്നായി ഉറങ്ങുക, സ്വപ്നങ്ങളില്ലാത്ത ഉറക്കം, ദ്വന്ദ്വങ്ങളില്ലാത്ത ഉറക്കം. മധുരമോ എരിവോ ഇല്ലാത്ത, സന്തോഷമോ സന്താപമോ ഇല്ലാത്ത, വിജയമോ പരാജയമോ അല്ലാത്ത, ലാഭമോ നഷ്ടമോ ഇല്ലാത്ത, ഒരുറക്കം ഉറങ്ങുക. അനുഭവങ്ങളില്ലാത്ത ഒരു നിദ്രയുണ്ടാവട്ടെ.




എപ്പോളാണിത് സാധ്യമാവുക? 'അമനസ്കാവസ്ഥ' (no-mind state)യിൽ മാത്രമാണ് ഇത് സാധ്യമാവുക.

### അമനസ്കാവസ്ഥ സുഷുപ്തിയാകുന്നു
### THE NO-MIND STATE IS DEEP SLEEP

അമനസ്കാവസ്ഥയിൽ, മനസ്സ് പ്രവർത്തിക്കുന്നില്ല. മനസ്സ് സ്തംഭിച്ച്, നിഷ്ക്രിയമായി, അലസമായി, ഉദാസീനമായി അഥവാ മന്ദമായി തുടരുന്നു. മനസ്സ് ആ നിഷ്ക്രിയമായ, മന്ദാവസ്ഥയിലാവുമ്പോൾ നിങ്ങൾ നന്നായി ഉറങ്ങുന്നു. ഇതിനെയാണ് ഗാഢനിദ്ര അഥവാ സുഷുപ്തി എന്നു വിളിക്കുന്നത്. സുഷുപ്തിയെന്നത് ഉറക്കമാണ്; സുഷുപ്തിയെന്നത് നല്ല(ആഴമുള്ള)ഉറക്കമാണ്.

ഇതേപോലെ, ആഴത്തിലുള്ള നല്ല നിദ്ര സാധ്യമാവുന്നത് യാതൊരു അനുഭവവും ഇല്ലാത്തപ്പോഴാണ്, സന്തോഷമോ അസന്തോഷമോ ഇല്ലാത്തപ്പോൾ. ഒന്നുമില്ലാതെ! മനസ്സ് പ്രവർത്തനരഹിതമാവുമ്പോൾ, അമനസ്കാവസ്ഥയിൽ, ഇതിനെ സുഷുപ്തി എന്നാണ് വിളിക്കുക.

ഈശ്വരകൃപകൊണ്ട്, നമുക്ക് ആ അനുഭവം ലഭിക്കുക വല്ലപ്പോഴുമാണ്, ഒരുപക്ഷേ ആഴ്ചയിലൊരിക്കൽ. ഒലിയ തിരക്കുള്ള രാഷ്ട്രീയക്കാർക്കൊക്കെ വളരെ നല്ല ഉറക്കം കൊല്ലത്തിൽ ഒരിക്കലാവും-വാർഷികമായി മാത്രം! ചിലർക്കിത് ആഴ്ചയിലൊരിക്കലാണ്, മറ്റു ചിലർക്ക് ത്രൈമാസികവും. പക്ഷേ ആർക്കായാലും, സുഷുപ്തിയെന്നത് അമനസ്കാവസ്ഥ(no-mind state)യാണ്.

സുഷുപ്തി സംബന്ധമായ ഏതാനും സുപ്രധാന വസ്തുതകൾ നമുക്ക് പരിശോധിക്കാം. ചില ആളുകൾ ചോദിക്കുന്നു, "കഴിഞ്ഞ രാത്രി താങ്കൾ നന്നായി ഉറങ്ങിയോ?" എന്തിന്? എന്തിനാണ് താങ്കളാ ചോദ്യം ചോദിക്കുന്നത്? "ഇന്നലെ രാത്രി

താങ്കൾക്ക് നല്ല ഉറക്കം ലഭിച്ചുവോ?'' സ്വപ്നത്തിൽ നിങ്ങളെ ഒരു തേളോ അല്ലെ ങ്കിൽ പാമ്പോ കടിച്ചുവോ എന്നാണോ അർത്ഥമാക്കുന്നത്? ഒന്നും നിങ്ങളെ കടിച്ചില്ലെ യോ, നിങ്ങൾ സ്വപ്നത്തിൽ നിലവിളിച്ചില്ലയോ എന്നാണോ അതിനർത്ഥം? അല്ല! ഇതിനർത്ഥം സ്വപ്നങ്ങളേ ഇല്ലായിരുന്നു എന്നല്ല. എന്നിട്ടും, നാമത് ബോധപൂർവം അനുഭവിച്ചില്ല, അബോധപൂർവം മാത്രമാണനുഭവിച്ചത്.




സുഷുപ്തി(deep sleep)യിൽ മനസ്സ് പ്രവർത്തനരഹിതമാണ്. നിങ്ങൾ അതെപ്പറ്റി അറിവുള്ളവനല്ല അഥവാ ബോധവാനല്ല. പിറ്റേന്നു കാലത്ത് ആരെങ്കിലും ചോദിച്ചേ ക്കാം, ''ഓ, ഉറക്കം എങ്ങനെയുണ്ടായിരുന്നു?

''ആഹാ! അതിശയകരം! ഒന്നാന്തരം ഉറക്കമായിരുന്നു! ഇപ്പോൾ നല്ല ഉന്മേഷം തോന്നുന്നു.''

എന്നിരുന്നാലും നിങ്ങളാ സുഷുപ്തിയിൽ അഥവാ 'അമനസ്കാവസ്ഥ'യിൽ ആയി രിക്കുമ്പോൾ, നിങ്ങൾക്ക് ബോധമില്ല. കാലത്തിന്റെ ആ ബിന്ദുവിൽ നിങ്ങൾ അബോ ധത്തിലാണ്. ആ സുഷുപ്തിയിലെ അനുഭവം വളരെ നന്നായിരുന്നു, അതിശയകര മായിരുന്നു എന്ന് നിങ്ങൾക്ക് പറയാനാവുക പിന്നീട്, ബോധമുള്ള ജാഗ്രദവസ്ഥയിൽ മാത്രമാണ്. പിന്നീടു മാത്രമാണ് നിങ്ങൾക്കു പറയാനാവുക, സുഷുപ്തിയുടെ അനു ഭവവേളയിലല്ല.

## ബോധപൂർവമുള്ള സുഷുപ്തി അഥവാ സമാധി
## THE CONSCIOUS DEEP SLEEP OR SAMADHI

സുഷുപ്തിയുടെ ബോധപൂർവമുള്ള അനുഭവത്തെ സമാധിയെന്ന് വിളിക്കുന്നു. ഇത് നിറവേറലാണ്. സഫലീകരണം, ധ്യാനത്തിന്റെ ലക്ഷ്യവും പരിസമാപ്തിയും. ഞാൻ എന്റെ സുഷുപ്തി അവസ്ഥയെക്കുറിച്ച് ബോധവാനാകുമ്പോളാണ് ഈ സമാധി അവസ്ഥയിലെത്തുന്നത്. ആ അമനസ്കാവസ്ഥ ഇപ്പോൾ, ഈ നിമിഷം അനുഭവിക്കുമ്പോൾ മാത്രമാണ്, (ഈ ബോധമുള്ള ജാഗ്രദവസ്ഥയിൽ).




നിർഭാഗ്യവശാൽ, ആളുകൾക്ക് സമാധിയെപ്പറ്റി വ്യത്യസ്തമായ വ്യംഗ്യാർത്ഥങ്ങളും ദുർവ്യാഖ്യാനങ്ങളുമാണുള്ളത്. അതീന്ദ്രിയമാകുന്നതിനു പകരം അത് മാനസികമായിത്തീരുന്നു. അതീന്ദ്രിയവും മാനസികവും വ്യത്യസ്തമാണ്. അതീന്ദ്രിയമെന്നാൽ അതീതമെന്നാണ് അർത്ഥമാക്കുന്നത്. അപ്പോൾ, സമാധിയെന്നത് അതീന്ദ്രിയമാണ്. ഇതിനർത്ഥം അത് ശരീരത്തിന്, മനസ്സിന്, ഇന്ദ്രിയങ്ങൾക്ക്, ബുദ്ധിക്ക്, അതീതമാണെന്നാണ്. ശരീരബോധം മറന്നാൽ അത് സമാധിയാണെന്ന് പലരും വിചാരിക്കുന്നു. അതങ്ങനെയല്ല.

ശരീരത്തെക്കുറിച്ചുള്ള മറവിയല്ല സമാധി. മനസ്സുമായി താദാത്മ്യമില്ലാതിരിക്കുക(Non-identification), മനസ്സിൽനിന്ന് സ്വതന്ത്രമായിരിക്കുക അഥവാ അസന്നിഹിതമായിരിക്കുക(being free or absent from the mind), അതിനെയാണ് സമാധിയെന്നു വിളിക്കുന്നത്. എല്ലാം മനസ്സിന്റെ ഒരു കളിയാണ്.

മനസ്സ് ഒരു അനസ്തിത്വ(non-entity)മായിത്തീരുമ്പോൾ, അത് ശാന്തവും സമാധാനപൂർണവുമാവുമ്പോൾ, ആ അവസ്ഥയാണ് സമാധിയെന്ന് വിളിക്കപ്പെടുന്നത്. അതുകൊണ്ട്, സമാധി എന്നത് ഒരു വേറിട്ട അവസ്ഥയോ ഒരു വേറിട്ട ലക്ഷ്യമോ അല്ല. അത് വിപണിയിൽ വിൽക്കപ്പെടുന്നതോ ആർക്കെങ്കിലും നിങ്ങൾക്കായി തരാനാവുന്നതോ അല്ല.

ഒരിക്കൽ ഞാൻ എന്റെയൊരു സുഹൃത്തിനെ കണ്ടപ്പോൾ അവൻ പറഞ്ഞു, "എന്റെ ഗുരു എനിക്ക് സമാധി തന്നു." ഓഹോ! എന്റെ പേന നിങ്ങൾക്കു തരാനാവുമെനിക്ക്, പക്ഷേ സമാധി പറ്റില്ല. ഒരു വേള സമാധിക്ക് മറ്റൊരു അർത്ഥമുണ്ട്. ഒരു പക്ഷേ,

ഗുരു അയാൾക്ക് ഇപ്പോഴേ ശ്മശാനത്തിൽ ഒരിടം നൽകിയതാവാം, ഇപ്പോൾത്തന്നെ ഒരു റിസർവേഷൻ!

സമാധി എന്നത് നൽകപ്പെടുന്നതോ, സ്വീകരിക്കപ്പെടുന്നതോ, ഉത്പാദിപ്പിക്കപ്പെടുന്ന തോ അല്ല. സമാധി എന്നത് 'മനസ്സ് ഇല്ലാത്ത'(no-mind) ഒരു അവസ്ഥയാണ്. സുഷു പ്തിയുടെ ബോധപൂർവകമായ അനുഭവമാണ് സമാധിയെന്ന് വിളിക്കപ്പെടുന്നത്. ഒരു പടികൂടി കടന്ന് ഭഗവാൻ പറയുന്നു, "ധി എന്നാലർത്ഥമാക്കുക ബുദ്ധി(intellect)യെ യാണ്, 'സമ' എന്നാൽ സമത്വം(equality). ഏതു രാജ്യത്തെയും ദേശത്തെയും സമൂ ഹത്തിലെയും വർഗത്തിലെയും വിഭാഗത്തിലെയും ഓരോരുത്തരെയും സമരായി കാണാനുള്ള ബുദ്ധി നിങ്ങൾക്കുണ്ടെങ്കിൽ, അതാണ് സമാധി. എത്ര അതിശയകര മായ നിർവചനമാണത്!

പകരം, സമാധിക്ക് വ്യത്യസ്ത പേരുകളുണ്ട് നമുക്ക്. സമാധിയെക്കുറിച്ച് വാ തോരാതെ സംസാരിക്കുന്ന വിവിധ ആളുകളുണ്ട്, നാമതിൽ അസഹ്യരായി, അവസാനം സമാധിയെപ്പറ്റി കൂടുതലായി ഒന്നും അറിയുന്നതിന് താത്പര്യമില്ലാത്തവരായിത്തീരുന്നു. അതങ്ങനെ യല്ല. അത് ഓരോരുത്തർക്കും ലഭ്യമായ, തികച്ചും സ്വാഭാവിക മായ ഒരു കാര്യമാണ്.


Samadhi

നാമെല്ലാവരും ഉറങ്ങാറുണ്ട്, ഇല്ലേ? അതെ! ഉറക്കം ആർക്ക് നിഷേധിക്കപ്പെടുന്നുവോ അവർ ദുർബലരാവുന്നു. അവന് ജോലിയെടുക്കാനാവില്ല. അവന് അവന്റെ ആരോഗ്യം നഷ്ടമാവുന്നു, അവന്റെ അന്ത്യവിധിദിനം അടുക്കുന്നു. ഉറക്കം അത്യന്താപേക്ഷിതമാണ്. നാമെല്ലാവരും ഉറങ്ങുന്നു. നാമെല്ലാവരും ഒരു നല്ല ഉറക്കം ആസ്വദിക്കുന്നു, എന്നാൽ നാം അതെക്കുറിച്ച് ബോധവാന്മാരോ അറിവുള്ള വരോ അല്ല. സുഷുപ്തിയിലെ അനുഭവങ്ങളെക്കുറിച്ച് നാം ബോധവാന്മാരാവു മ്പോൾ, ജാഗ്രദവസ്ഥയിൽപ്പോലും, അത് സമാധി എന്നാണ് വിളിക്കപ്പെടുക. അതൊരു ലയനമാകുന്നു. നാം ലയിച്ച്, ഉരുകി, അലിഞ്ഞു ചേരേണ്ടിയിരിക്കുന്നു.

ഒരു ലളിതമായ ദൃഷ്ടാന്തം ഇതാ. ഒരു തുള്ളി വെള്ളം എന്റെ കൈവെള്ളയിൽ കേവലം ഒരു തുള്ളി വെള്ളം മാത്രമാണ്. അതിന് ഒരു വലിപ്പവും ആകൃതിയും രുചി യുമുണ്ട്. ഈ വെള്ളത്തുള്ളി നിങ്ങൾ സമുദ്രത്തിലെറിഞ്ഞാൽ, ആ തുള്ളി സമുദ്ര മായിത്തീരുന്നു.

അങ്ങനെ, നമുക്കുള്ള എല്ലാ കഥകളും അനുഭവങ്ങളും ഒരു തുള്ളി പോലെയാണ്. തുള്ളി ഏറെനേരം നിലനിൽക്കില്ല. അത് സ്ഥായിയല്ല. അത് ആവിയായി പോകും. അതേപോലെ, വൈയക്തികാനുഭവങ്ങൾ അന്തിമമായതല്ല. അവ മാർഗം മാത്രമാകുന്നു.

പ്രഫസർ അനിൽകുമാർ കൂടുതൽ ജ്ഞാനം, കൂടുതൽ വെളിപ്പെടുത്തലുകൾ അടുത്ത ലക്കത്തിൽ നൽകും.

നിങ്ങളുടെ സമയത്തിന് നന്ദി,

ഓം സായിരാം!

(തുടരും)



**പ്രഫ. അനിൽകുമാർ കാമരാജു –** (***Sai-Vedam*** പേജ് 133-139)
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)